# പ്രകൃതിസ്നേഹികൾ നിൽക്കേണ്ടത് ആദിവാസികൾക്കൊപ്പം

**എ. മോഹൻകുമാർ**

ജാനുവിനെതിരെ പ്രകൃതി സംരക്ഷണസമിതി (കേരളീയം 2003 ഫെബ്രു: 1-15) എന്ന കുറിപ്പ് കാണാനിടയായി. മുത്തങ്ങ വന്യജീവി സങ്കേതത്തിൽ ആദിവാസി ഗോത്രമഹാസഭയുടെ നേതൃത്വത്തിൽ സി.കെ. ജാനുവും കൂട്ടരും വനഭൂമി കയ്യേറി കുടിൽകെട്ടി സമരം നടത്തുന്നതിനെതിരെയാണ് വയനാട് പ്രകൃതി സംരക്ഷണസമിതി ആക്ഷേപം ഉന്നയിച്ചിട്ടുള്ളത്.

അനാദികാലം മുതൽ വന്യമൃഗങ്ങൾക്കൊപ്പം കാട്ടിൽ തന്നെ ജീവിച്ച് ജീവസന്ധാരണം നടത്തിയിരുന്ന വനവാസികൾ, ആദിവാസികളായി കാടിന്റെ അവകാശികളല്ലാതായത് ബ്രിട്ടീഷ് അധിനിവേശത്തെത്തുടർന്നാണ്. വയനാട്ടിലെ വനവാസികളെ കാട്ടിൽ നിന്നും പിഴുതെറിഞ്ഞതിനു പിന്നിൽ മറ്റു ചില ചരിത്രവസ്തുതകൾ കൂടി ഉണ്ടായിരുന്നു. അവർ കോട്ടയം രാജാവ് പഴശ്ശിരാജയോടൊപ്പം ചേർന്ന് ബ്രിട്ടീഷ് അധിനിവേശത്തിനെതിരെ പോരാടിയിരുന്നുവെന്നത് ഏവരും അംഗീകരിക്കുന്ന ചരിത്രവസ്തുതയാണ്. ആ കാരണം കൊണ്ടുതന്നെ പഴശ്ശിരാജാവിന്റെ വീരമൃത്യുവിനുശേഷം ബ്രിട്ടീഷുകാരുടെ ക്രൂരമായ പീഡനങ്ങൾക്ക് ഇരയായതും ഈ വനവാസികളായിരുന്നു. നൂറുകണക്കിന് വനവാസികളുടെ ശവശരീരങ്ങൾ തൂങ്ങിക്കിടന്നിരുന്ന വൃക്ഷങ്ങൾ അടുത്ത കാലത്തുവരെ മട്ടന്നൂരിനടുത്ത് പഴമക്കാരുടെ ഓർമ്മയിൽ ഉണ്ടായിരുന്നു. വനവാസികളെ കാട്ടിൽ നിന്നും പുറത്താക്കുകയും പഴശ്ശിരാജാവിനെ ഒറ്റുകൊടുത്തവർക്ക് കണക്കില്ലാത്ത നിബിഡവനങ്ങൾ പതിച്ചുകൊടുക്കുകയും ആയിരുന്നു. ഇന്നത്തെ ആറളം ഫാമും ആറളം വന്യജീവിസങ്കേതവും എല്ലാം ഇങ്ങനെ സ്വകാര്യജന്മിമാർക്ക് പതിച്ചുകൊടുത്ത വനഭൂമികളാണ്. ഏഷ്യയിലെ ഏറ്റവും വലിയ പ്ലൈവുഡ് ഫാക്ടറി വളപട്ടണത്ത് രൂപം കൊണ്ടത് ഈ വനഭൂമിയിലെ വൃക്ഷങ്ങളെ ആശ്രയിച്ചുമാത്രമായിരുന്നു. സ്വകാര്യവനഭൂമി ദേശസാൽക്കരിച്ചപ്പോൾ വൻമരങ്ങൾ മുഴുവൻ വെട്ടി നശിപ്പിച്ചുപോയ, മേൽമണ്ണുപോലും ചോർന്നുപോയ, ചില പ്രദേശങ്ങൾ വനംവകുപ്പിന്റെ കൈവശം ഏൽപ്പിക്കുകയായിരുന്നു. എന്നാൽ പിഴുതെറിയപ്പെട്ട കണ്ണവത്തേയോ, ആറളത്തേയോ, വയനാട്ടിലേയോ വനവാസികൾക്ക് ഒരു തുണ്ടുഭൂമി പോലും അവകാശം നൽകിയില്ല. മാത്രവുമല്ല, വനംവകുപ്പ് ഏറ്റെടുത്ത ഭൂമിയുടെ തന്നെ വലിയഭാഗവും വനവാസികളല്ലാത്തവർ കൈയ്യടക്കുകയും ചെയ്തു. കാടിന്റെ അവകാശികളായിരുന്നവർ പുതിയ കയ്യേറ്റക്കാരുടെ കൂലി അടിമകളായി മാറുകയായിരുന്നു.

ബ്രിട്ടീഷുകാർ പോയി കാലമിത്രയുമായിട്ടും നഷ്ടപ്പെട്ട ഭൂമിയിൽ അവകാശം തിരിച്ചുകിട്ടാതെ വംശനാശത്തിലേക്ക് കൂപ്പുകുത്തുന്ന ഗോത്രവർഗ്ഗങ്ങളെ നാം കണ്ടില്ലെന്നും നടിക്കുന്നു. ഏഷ്യൻ ആനയും ഇന്ത്യൻ കടുവയും പോലെ തന്നെ പ്രാധാന്യമർഹിക്കുന്ന ജീവിവർഗ്ഗമായെങ്കിലും വനവാസികൾ പരിഗണിക്കപ്പെടേണ്ടതല്ലേ? നീലഗിരി ജൈവമേഖല പ്രഖ്യാപിക്കുന്നതിനും എത്രയോ മുമ്പ് ആ ജൈവമേഖലയുടെ ഭാഗമായിരുന്നവരല്ലേ വിവിധ ആദിമഗോത്ര ജനവിഭാഗങ്ങൾ?

വയനാട്ടിലെ തന്നെ നഗരങ്ങളും വിദ്യാഭ്യാസ മതസ്ഥാപനങ്ങളും തോട്ടങ്ങളും കൃഷിയിടങ്ങളും ആരുടെ ഭൂമി കയ്യേറിയാണ് സ്ഥാപിച്ചിട്ടുള്ളത്? അവിടങ്ങളിൽ നിന്നും കയ്യേറ്റക്കാരെ കുടിയിറക്കുവാൻ ആർക്കെങ്കിലും ബഹുജനസമരം പ്രഖ്യാപിക്കുവാൻ കഴിയുമോ? നീലഗിരി ജൈവ മേഖലയിലെ സുപ്രധാനജൈവവൈവിദ്ധ്യ സങ്കേതമായ സൈലന്റ്‌വാലിയിലെ ആയിരക്കണക്കിന് ഏക്കർ വനഭൂമി ചുട്ടുനശിപ്പിച്ച് കഞ്ചാവ് കൃഷി നടത്തുന്നുണ്ടല്ലോ? അവരെ ആരെയെങ്കിലും കാട്ടിൽ നിന്ന് ഇറക്കിവിടുവാൻ ബഹുജനസമരം പ്രഖ്യാപിക്കാൻ ആരാണുള്ളത്?

പ്രകൃതിസ്നേഹികൾ മനസ്സിലാക്കേണ്ട വസ്തുത; കാടിന്റെ ഭാഗമായിരുന്ന ആദിവാസികൾ, മറ്റുള്ളവർ തരിശാക്കിയ മണ്ണിൽ-നഗരത്തിൽ-ജീവിക്കാനാവാത്തതുകൊണ്ട്, കാട്ടിൽ നിന്നും പിടിച്ചുകൊണ്ടുവന്ന് നഗരത്തിൽ ആഘോഷത്തിൽ അലങ്കാരമാകുന്ന കാട്ടാനകൾ അവശേഷിക്കുന്ന കാടിന്റെ പച്ചപ്പിലേക്ക് മടങ്ങിപ്പോവാൻ ആഗ്രഹിക്കുന്നതുപോലെ, സ്വയം നിലനിൽക്കുവാനുള്ള സമരത്തിൽ ഈ വംശനാശഭീഷണി നേരിടുന്ന ജീവിവർഗ്ഗവും നടത്തുന്ന അവസാനശ്രമം മാത്രമാണ് സി.കെ. ജാനുവും കൂട്ടരും നടത്തുന്നത് എന്നതാണ്. മതികെട്ടാനിൽ നിന്നും നെല്ലിയാമ്പതിയിൽ നിന്നും ഇടുക്കിയുടെ മറ്റ് നിരവധി ഭാഗങ്ങളിൽ നിന്നും പതിനായിരക്കണക്കിനേക്കർ വനഭൂമി കയ്യേറിയ 'നാട്ടരാശാ'ക്കളുണ്ടല്ലോ അവരെ ഇറക്കിവിടാൻ പ്രക്ഷോഭം നടത്തിയിട്ടുപോരെ കാടിന്റെ തന്നെ ഭാഗമായി ജീവിച്ചിരുന്നവർ എന്ന് നമുക്കെല്ലാം അറിയുന്ന ആദിവാസികൾക്കെതിരെ സമരകാഹളം മുഴക്കുന്നത്?

ഇതരസമരങ്ങളിൽ നിന്നും ജാനുവിന്റെ സമരം വ്യത്യസ്തമാകുന്നത്, ആദ്യമായി ആദിവാസിയുടെ സ്വത്വബോധം തിരിച്ചു പിടിക്കുവാൻ കൂടി ഒരു ആദിവാസിയുടെ (ആദിവാസി വനിതയുടെ) തന്നെ മുൻകയ്യിൽ സമരം നടക്കുന്നുവെന്നതാണ്.

ആദിവാസികളുടെ ഭൂമിയിൽ ചവിട്ടിനിന്നുകൊണ്ട് കാപ്പിയും ഇഞ്ചിയും തേയിലയും ഉല്പാദിപ്പിക്കുന്നവരുടെ കൂട്ടത്തിൽ വല്ല പ്രകൃതിസ്നേഹികളും അബദ്ധത്തിലെങ്ങാനും പെട്ടുപോയിട്ടുണ്ടെങ്കിൽ അവരെങ്കിലും തങ്ങളുടെ പൂർവ്വികർ നടത്തിയ കയ്യേറ്റങ്ങളിൽ പശ്ചാത്താപം രേഖപ്പെടുത്തി പ്രസ്തുത ഭൂമിയെങ്കിലും ആദിവാസിക്ക് തിരിച്ചുനൽകുകയോ അല്ലെങ്കിൽ ആന സങ്കേതത്തോട് ലയിപ്പിക്കുകയോ എങ്കിലും ചെയ്യുന്നത് ആദിവാസിയെ കാട്ടിൽ നിന്നും ഇറക്കിവിടാൻ ബഹുജന സമരം നടത്തുന്നതിനേക്കാൾ സൃഷ്ടിപരമായ ഇടപെടലായിരിക്കും.